**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **03-03-2025 - ൽ മറുപടിയ്ക്ക്**

**വയോജന ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വയോജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടും അപകടവും സംഭവിക്കുന്നത് ശുചിമുറി ഉപയോഗിക്കുമ്പോഴാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ വയോജന ശാക്തീകരണവുമായി ബന്ധപ്പെട്ട് കട്ടിലുകളും മറ്റ് വസ്തുക്കളും സഹായ ഉപകരണങ്ങളായി നൽകുന്ന പദ്ധതികളുടെ ഭാഗമായി ഇവരുടെ പ്രാഥമിക കാര്യങ്ങൾ നിറവേറ്റുന്നതിന് യൂറോപ്യൻ ക്ലോസറ്റും കൈവരിയും സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനുമായി പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനം നീക്കിവെക്കുന്നതിനും, അതിനായി വാർഷിക പദ്ധതിയിൽ പ്രത്യേകം ഉപപദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകാനും, അതുപോലെ ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ചിൽ താമസിക്കുന്ന വയോജനങ്ങൾക്ക് കമ്പിളിപുതപ്പ് വാങ്ങി നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വയോജനങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി യൂറോപ്യൻ ക്ലോസറ്റും കൈവരിയും സജ്ജമാക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല. |
| (ബി) | വയോജനങ്ങൾ കൂട്ടമായിരുന്ന് സംസാരിക്കുന്നത് വഴി അവരുടെ ഒറ്റപ്പെടലുകൾ നികത്തുന്നതിനായി ഗവൺമെൻറ് നടപ്പിലാക്കിയ പകൽവീട് പദ്ധതി കയ്പമംഗലം മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലുകളിൽ നിന്നും മോചനം നേടുന്നതിനും അതുവഴി വാർദ്ധക്യകാലം സന്തോഷഭരിതമാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പകൽവീട് പദ്ധതി. പകൽവീട് പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന കെട്ടിടം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കു പുറമെ മറ്റ് അധിക സൗകര്യങ്ങൾ കൂടി ലഭ്യമാക്കി അവയെ സായംപ്രഭ ഹോമുകൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ നീതി വകുപ്പും നടപ്പിലാക്കി വരുന്നു.<br><br>പകൽ വീട് പദ്ധതി കൈപ്പമംഗലം മണ്ഡലത്തിലെ എടത്തിരുത്തി, കൈപ്പമംഗലം, പെരിഞ്ഞനം എന്നീ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്. പുതിയ പകൽ വീട്ടുകളുടെ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളതിനാൽ, പകൽ വീട്ടുകളില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ആയത് സജ്ജമാക്കുന്നതിന് പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ